# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.18/1588/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.18/1588/22 തീയ്യതി: 21/07/2022

## പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2020 മുതൽ 05-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശശിഭൂഷൺ.ഇ. | ഡെപ്യൂട്ടി ഡയറക്ടർ | 06-07-2022 | 15-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2022 | 15-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സന്തോഷ്.സി.എസ്. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീമതി.സുജാത.പി. ഓഡിറ്റ് ഓഫീസർ,
ശ്രീ.ഷർഫുദ്ദീൻ..എസ്.എച്ച്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ഗീത.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജിൻസി.എം | പ്രസിഡന്റ് | 01-04-2019 | 04-06-2019 |
| ശ്രീ.ടി.ആർ.സജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ.എം.സുരേഷ് | സെക്രട്ടറി | 25-04-2019 | 22-07-2019 |
| ശ്രീ.സുനിൽകുമാർ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-07-2019 | 28-07-2019 |
| | | 17-09-2019 | 17-10-2019 |
| | | 08-01-2020 | 21-01-2020 |
| ശ്രീ.പ്രസാദ്.എസ് | സെക്രട്ടറി | 29-07-2019 | 16-09-2019 |
| | | 18-10-2019 | 07-01-2020 |
| | | 22-01-2020 | 31-03-2020 |
| ശ്രീമതി.ഗിരിജ.കെ | പ്രസിഡന്റ് | 05-06-2019 | 27-06-2019 |
| ശ്രീമതി.ശ്രീജ.ആർ | പ്രസിഡന്റ് | 28-06-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റെജിൻ റാം | കൃഷി ഓഫീസർ(അഡീ.ചാർജ്ജ്) | 01-04-2019 | 31-03-2020 |
| ഡോ.അരുൺ കുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.വനജ.ടി.ആർ | എച്ച്.എം | 01-04-2019 | 31-05-2019 |
| ശ്രീ.രാധാകൃഷ്ണൻ.ഇ.എം | എച്ച്.എം | 01-06-2019 | 31-03-2020 |
| ശ്രീ.ശരവണൻ.എൻ | വി.ഇ.ഒ | 01-04-2019 | 07-12-2019 |
| ശ്രീ.ഷാനവാസ്.എസ് | വി.ഇ.ഒ | 08-12-2019 | 26-12-2019 |
| ശ്രീ.ഷിജു.സി | വി.ഇ.ഒ | 27-12-2019 | 31-03-2020 |
| ശ്രീ.ടി.ആർ.സജി | അസി.സെക്രട്ടറി | 01-04-2019 | 21-07-2019 |
| ശ്രീ.സുനിൽകുമാർ.എസ് | അസി.സെക്രട്ടറി | 22-07-2019 | 31-03-2020 |
| ശ്രീമതി.ആശാതോമസ് | ഐ.ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 26-07-2019 |
| ശ്രീമതി.സുധാകുമാരി.എ.സി | ഐ.ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27-07-2019 | 31-03-2020 |
| ഡോ.ആന്റണി പ്രെസ്റ്റിൻ.കെ.പി | മെഡിക്കൽ ഓഫീസർ(PHC) | 01-04-2019 | 31-03-2020 |
| ഡോ.ജെനിൻജോസഫ് | മെഡിക്കൽ ഓഫീസർ(ISM) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 29-06-2019 |
| | | 02-08-2019 | 19-01-2020 |
| | | 27-02-2020 | 31-03-2020 |
| ശ്രീമതി.നാൻസി.കെ.വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 30-06-2019 | 01-08-2019 |
| | | 20-01-2020 | 30-01-2020 |
| ശ്രീ.ജയപ്രകാശ്.സി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 31-01-2020 | 26-02-2020 |
| ശ്രീ.ലിജു.കെ.എൽ | അസി.എഞ്ചിനിയർ | 01-04-2019 | 07-08-2019 |
| ശ്രീ.രമേഷ്.എം | അസി.എഞ്ചിനിയർ | 08-08-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 08-07-2022)<br>Last Updated By: Geetha K (Auditor, On 08-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Geetha K (Auditor, On 08-07-2022)<br>Last Updated By: Geetha K (Auditor, On 08-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Geetha K (Auditor, On 14-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 14-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Geetha K (Auditor, On 08-07-2022)<br>Last Updated By: Geetha K (Auditor, On 08-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 1-5 |
| 7 | പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുക്കുന്നില്ല-ഫണ്ടുകൾ ലാപ്സ് ആകുന്നു<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 14-07-2022) | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Geetha K (Auditor, On 08-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 08-07-2022)<br>Last Updated By: P. Sujatha (Audit Officer, On 08-07-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 1-10 |
| 13 | വയോജനങ്ങൾക്ക് കട്ടിൽ -ചെലവു രേഖകൾ ഹാജരാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 13-07-2022)<br>Last Updated By: P. Sujatha (Audit Officer, On 15-07-2022) | 1-11 |
| 14 | വാഹന വാടക – തനതു ഫണ്ടിന് അധിക ബാധ്യത<br>Written By: P. Sujatha (Audit Officer, On 13-07-2022)<br>Last Updated By: P. Sujatha (Audit Officer, On 15-07-2022) | 1-12 |
| 15 | കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപണി -എ.എം.സി രീതി പരിഗണിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 13-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 1-13 |
| 16 | മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 14-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 1-14 |

| | | |
|---|---|---|
| 17 | ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 15-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 15-07-2022) | 1-15 |
| 18 | എസ്.എസ്.എ.ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 15-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 1-16 |
| 19 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമല്ല<br>Written By: C.S.Santhosh (Audit Officer, On 14-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 1-17 |
| 20 | ഓറിയന്റൽ ബിയാടീസ് കുടിവെള്ള പദ്ധതി-പൂർത്തീകരണം ഉറപ്പാക്കിയില്ല-60109 രൂപയുടെ പഴ്ച്ചെലവ്<br>Written By: C.S.Santhosh (Audit Officer, On 14-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 1-18 |
| 21 | മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമായില്ല<br>Written By: C.S.Santhosh (Audit Officer, On 14-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 1-19 |
| 22 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ കരാറുകാരനിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 14-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 08-07-2022) | 4-8 |

| | | |
|---|---|---|
| | Last Updated By: Anish A (Computer Assistant, On 20-07-2022) | |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Anish A (Computer Assistant, On 20-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-വിവിധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം. 3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

2-3-2019 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 3252153 |
| തൻവർഷത്തെ വരവ് | 98667500 |
| ആകെ വരവ് | 101919653 |
| ചെലവ് | 99323000 |
| നീക്കിയിരിപ്പ് | 2596653 |

പരിഷ്കരിച്ച ബജറ്റ് പാസാക്കിയതിന്റെ വിവരം ലഭ്യമായില്ല.

<u>യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല</u>

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 98667500 | 26534942 |
| തൻവർഷത്തെ ചെലവ് | 99323000 | 26559694 |

സാമ്പത്തിക ക്ലേശം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി ഉയർത്തുന്നതിനുള്ള ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായി കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2019-20 | 31-7-2020 | 19-10-2020 | - | - |

നിയമാനുസൃത സമയപരിധിക്കകം വാർഷിക കണക്ക് സമർപ്പിച്ചിട്ടില്ല.

1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. താഴെ പറയുന്ന അക്കൗണ്ടുകളുടെ പൂർണ്ണമായ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് പാസ്സ് ബുക്ക്/ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(എ) ICDS Fund 7129

(ബി) Sub Treasury TSB-6 (നവംബർ 2019 വരെ മാത്രമാണ് ചെയ്തിട്ടുള്ളത്)

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. കേന്ദ്രാവിഷ്കൃതം (ഐ.സി.ഡി.എസ്), ബ്ലോക്ക് ഷെയറുകളുടെ ഫണ്ട് വിവരം, മറ്റ് ഏജൻസികളിൽനിന്ന് ലഭ്യമാകുന്ന ഫണ്ടുകളുടെ വിവരം എന്നിവ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7033866 |
| വരവ് | 26534942 |
| ആകെ | 33568808 |
| ചെലവ് | 26559694 |
| നീക്കിയിരിപ്പ് | 7009114 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 36757317 | 36757317 | 6925683 | 29831634 |
| വികസനഫണ്ട് -എസ്.സി.പി | 0 | 3687648 | 3687648 | 682800 | 3004848 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 2345601 | 2345601 | 75000 | 2270601 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 6465000 | 6465000 | 0 | 6465000 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7308000 | 7308000 | 1623846 | 5684154 |
| CFC അടിസ്ഥാന ഗ്രാന്റ് | 0 | 24282986 | 4955663 | 19327323 | 24282986 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 2942838 | 859016 | 3801854 | 433834 | 3368020 |
| സമ്പൂർണ്ണ ശുചിത്വം | 0 | 1500000 | 1500000 | 1500000 | 0 |
| ശുചിത്വം | 181549 | 0 | 181549 | 0 | 181549 |
| മാലിന്യ പരിപാലനം | 1200000 | 0 | 1200000 | 0 | 1200000 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനി സ്റ്റേറ്റീവ് ചെലവ് | 7563 | 674482 | 682045 | 680332 | 1713 |
| തൊഴിലാളി കളുടെ വേതനം | 0 | 3495818 | 3495818 | 3495818 | 0 |
| ആകെ | 7563 | 4170300 | 4177863 | 4176150 | 1713 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 82856316 | 40 | 14696826 | - | 103 | 28% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും സംക്ഷിപ്തം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 0 | 400000 | 0 | 0 |
| വെറ്ററിനറി സർജ്ജൻ | 4 | 0 | 9615000 | 0 | 0 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 809600 | 807368 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ -1 | 4 | 1 | 7600000 | 491059 | 6 |
| വി.ഇ.ഒ -2 | 1 | 0 | 200000 | 0 | 0 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 3500000 | 2364134 | 68 |
| സെക്രട്ടറി | 16 | 7 | 5340364 | 1391795 | 26 |
| എച്ച്.എം | 3 | 1 | 656000 | 350000 | 53 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 93 | 19 | 51505352 | 8792470 | 17 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 8 | 2 | 2530000 | 300000 | 12 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 500000 | 0 | 0 |
| ആകെ | 143 | 40 | 82856316 | 14696826 | 18 |

1-5-1 പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുക്കുന്നില്ല-ഫണ്ടുകൾ ലാപ്സ് ആകുന്നു

തൻവർഷം വകയിരുത്തിയ ആകെ തുകയുടെ 18% മാത്രമാണ് ചെലവഴിക്കുവാൻ സ്ഥാപനത്തിന് സാധിച്ചിട്ടുള്ളത്. തൻവർഷം വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് ഇനങ്ങളിൽ ലഭ്യമായ ആകെ തുക 8.08 കോടി രൂപയാണ്. ആയതിൽ 1.42 കോടി രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. 6.65 കോടി രൂപ ലാപ്സ് ആയത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

ഭൂരിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥർക്കും തുക ചെലവഴിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ ഉത്പാദന, സേവന, നിർമ്മാണ മേഖലകളിൽ വകയിരുത്തുന്ന തുക ചെലവഴിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്.

കൃത്യമായ മുന്നൊരുക്കം നടത്തി പ്രോജക്ടുകൾ ആവിഷ്കരിക്കുവാനും പരമാവധി തുക ചെലവഴിക്കുവാനും ശ്രദ്ധിക്കേണ്ടതുണ്ട്.

മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

പ്രാദേശികവും ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവുമായ പ്രത്യേകതകൾ കാരണം പദ്ധതി നിർവ്വഹണം, ഭരണ നിർവ്വഹണം, പശ്ചാത്തല വികസനം എന്നീ മേഖലകളിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന വെല്ലുവിളികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിക്കുവാൻ സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും മുൻകൈ എടുക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7563 | 674482 | 682045 | 680332 | 1713 |
| തൊഴിലാളികളുടെ വേതനം | 0 | 3495818 | 3495818 | 3495818 | 0 |
| ആകെ | 7563 | 4170300 | 4177863 | 4176150 | 1713 |

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 5760 | 4 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 0 | 0 |
| 3 | വിധവാ പെൻഷൻ | 1621200 | 269 |
| 4 | വാർദ്ധക്യകാല പെൻഷൻ | 3057900 | 497 |
| 5 | വികലാംഗ പെൻഷൻ | 355500 | 59 |

| | | | |
|---|---|---|---|
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 6000 | 1 |

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-07-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. തുകയൊന്നും വരവില്ലെന്ന് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

തനത് വരുമാനം കുറവായതിനാൽ ദൈനംദിന ആവശ്യങ്ങൾക്കുപോലും ഫണ്ട് ഇല്ലാത്ത സ്ഥിതി വിശേഷം ഗ്രാമപഞ്ചായത്തിലുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടില്ല.

സംയുക്ത പ്രോജക്റ്റിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിലും ഉത്തരവാദപ്പെട്ടവർ പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

മുൻകൂർ രജിസ്റ്റർ, ഓഡിറ്റ് ഓബ്ജക്ഷൻ രജിസ്റ്റർ മുതലായവയുടെ സൂക്ഷിപ്പിൽ കൃത്യതയില്ല. പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

തനത് ഫണ്ടിൽ നിന്നും മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിനായി നൽകുന്ന തുകകൾ സമയബന്ധിതമായി തിരികെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല.

പഴയ കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം മാറ്റിയ സാഹചര്യത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.
2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

4/2013 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2008-09 മുതൽ 2012-13വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

പെർഫോമൻസ് ഓഡിറ്റ് 5/2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

1-11 വയോജനങ്ങൾക്ക് കട്ടിൽ -ചെലവ് രേഖകൾ ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി
അടങ്കൽ -₹466650/- [വികസന ഫണ്ട്(ജനറൽ)]

വയോജനങ്ങൾക്ക് കട്ടിൽ(നം. 91/20) എന്ന പദ്ധതിക്കു വേണ്ടി ട്രഷറി ബിൽ നം. 4/22.6.2019 പ്രകാരം ₹464292/- പിൻവലിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ ടെണ്ടർ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, അപേക്ഷകൾ, കട്ടിൽ വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/7.7.2022ന് പഴയ പഞ്ചായത്ത് കെട്ടിടം ജീർണ്ണാവസ്ഥയിലായി പ്രവർത്തിക്കാൻ പറ്റാത്ത സാഹചര്യത്തിൽ അടിയന്തിരമായി 5.7.2022 മുതൽ പുതിയ കെട്ടിടത്തിലേക്ക് പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം

ആരംഭിക്കേണ്ടി വന്നതിനാൽ ഫയലുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയുണ്ടായി. വേണ്ടത്ര മുന്നൊരുക്കമില്ലാതെ അടിയന്തിരമായി ഓഫീസ് മാറ്റേണ്ട സാഹചര്യത്തിലാണ് ടി ഫയൽ കണ്ടെത്തി ഹാജരാക്കുവാൻ കഴിയാതെ വന്നിട്ടുള്ളത് എന്നും ആയത് കണ്ടെത്തി അടിയന്തിരമായി ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക ₹464292/- തടസ്സത്തിൽ വയ്ക്കുന്നു.

1-12 വാഹന വാടക – തനതു ഫണ്ടിന് അധിക ബാധ്യത

അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ എസ്റ്റിമേറ്റ് എടുക്കുവാൻ വിവിധ വാർഡുകളിൽ യാത്രകൾ നടത്തിയതിന് വാഹന വാടക തനതു ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൌച്ചർ നം./തിയതി | തുക | ആവശ്യം |
|---|---|---|---|
| 1 | 21900543/13.3.2020 | 2800 | കൊട്ടയങ്ങാടി, ആനമട എന്നീ വാർഡുകളിൽ എസ്റ്റിമേറ്റ് എടുക്കുവാൻ |
| 2 | 21900083/30.5.2019 | 3800 | എസ്റ്റിമേറ്റ് എടുക്കുന്നതിന് |
| 3 | 21900153/22.7.2019 | 1700 | അംഗൻവാടി ഫിറ്റ്നസ് ചെക്ക് ചെയ്യുന്നതിന് |

സ.ഉ.(സാധാ)നം.690/18/തസ്വഭവ തിയതി 14.3.2018 പ്രകാരം എഞ്ചിനീയർ മാരുടെ ആവശ്യങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സർക്കുലർ നം. ഡി.ബി.3/141/2019/ തസ്വഭവ തിയതി, 2.8.2019 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനതു ഫണ്ടിന്റെ ലഭ്യതക്കുറവുള്ള ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/12.7.2022ന് തനതു ഫണ്ട് ലഭ്യതകുറവുള്ളതിനാൽ 2021-22 മുതൽ നോൺ-റോഡ് വിഭാഗത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനുപോലും പ്രയാസം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിന് അധിക ബാധ്യത സൃഷ്ടിക്കുന്ന നടപടികൾ ഒഴിവാക്കേണ്ടതാണ്.

1-13 കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപണി -എ.എം.സി രീതി പരിഗണിക്കേണ്ടതാണ്

2019-20 വർഷത്തിൽ കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപണികൾക്കായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തിയതി വൌച്ചർ നം./തിയതി | തുക നൽകിയ സ്ഥാപനം | നൽകിയ തുക |
|---|---|---|---|
| 1 | 29/8.4.2019 21900029/8.4.2019 | Saji | 1150 |
| 2 | 85/30.5.2019 21900086/30.5.2019 | Fixit Computer Solutions, Nenmara | 22400 |
| 3 | 44/25.4.2019 | Saji | 1150 |
| 4 | 230/23.9.19 1900236/23.9.19 | Fixit Computer Solutions, Nenmara | 4300 |
| 5 | 231/23.9.2019 21900235/23.92019 | Fixit Computer Solutions, Nenmara | 1600 |

| | | | |
|---|---|---|---|
| 6 | 284/24.10.2019<br>21900281/24.10.2019 | Fixit Computer Solutions, Nenmara | 1100 |

കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയുടെ പിഴവുകളില്ലാത്ത സേവനത്തിന് വാറണ്ടി കാലയളവ് കഴിഞ്ഞതിനു ശേഷം അറ്റകുറ്റപണികൾക്കുള്ള കരാറിൽ ഏർപ്പെടാവുന്നതാണ്. സ.ഉ.(പി)നം.26/2005 തിയതി, 24.12.2005 പ്രകാരം കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എ.എം.സി പോളിസി പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റോർസ് പർച്ചേസ് മാന്വലിലെ 9.63 മുതൽ 9.72 വരെയുള്ള ഖണ്ഡികകളിൽ AMC യുടെ നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്.
മേൽ ചെലവുകൾ നടത്തിയിട്ടുള്ളത് എ.എം.സി പ്രകാരമല്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.7/12.7.2022ന് വരും വർഷങ്ങളിൽ ഓഫീസിലെ വാറണ്ടി കഴിഞ്ഞ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപണികൾക്കായി പദ്ധതി രൂപീകരിച്ച് എ.എം.സി കരാറിൽ ഏർപ്പെട്ട് ചെലവ് ചെയ്യുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപണികൾക്ക് AMC പോളിസിക്കനുസൃതമായി എ.എം.സി പരിഗണിക്കേണ്ടതാണ്.

## 1-14 മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയില്ല

2019-20 വർഷം വെറ്ററിനറി സർജ്ജൻ നടപ്പിലാക്കാനുദ്ദേശിച്ച കൊണ്ട് നാല് പ്രൊജക്റ്റ് രൂപീകരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കാത്ത പദ്ധതിയുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ (₹) | ഫണ്ടിനം |
|---|---|---|
| 68/20, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 400000 | വികസന ഫണ്ട്-ജനറൽ |
| 70/20, കറവപ്പശു വളർത്തൽ | 4620000 | വികസന ഫണ്ട്-ജനറൽ |
| 72/20, മൃഗാശുപത്രിക്ക് ഫർണ്ണീച്ചർ, സാധന സാമഗ്രികൾ | 100000 | വികസന ഫണ്ട്-ജനറൽ |
| 130/20, ധാതുലവണ മിശ്രിതവും വിരമരുന്നും വാങ്ങൽ | 180000 | വികസന ഫണ്ട്-ജനറൽ |

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പറ്റാത്ത വിധത്തിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആയത് അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(03/07.07.2022)ക്ക് സാങ്കേതിക കാരണങ്ങളാലാണ് പ്രോജക്റ്റുകൾ നടപ്പിലാക്കാൻ കഴിയാത്തത് എന്നും 2020-21 ൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

2019-20 വർഷം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള വെറ്ററിനറി സർജന്റെ സേവനം വിനിയോഗിക്കാൻ കഴിഞ്ഞില്ല.
മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പറ്റാത്ത വിധത്തിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ ജനപ്രതിനിധികൾ മുഖേനയോ നേരിട്ടോ സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പരും, പേരും | 79/20, ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തുക നൽകൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | ₹2400000 (വികസന ഫണ്ട്- ജനറൽ-2353847, തനത് ഫണ്ട്-46153) |
| ചെലവ് | ₹491059 (വികസന ഫണ്ട്-ജനറൽ) |
| ബിൽ നം. | 01/24.9.2019-91059, 01/24.9.19-400000 |

മേൽപറഞ്ഞ പ്രകാരം തുക കൈമാറിയത് താഴെ പറയുന്ന ഗുണഭോക്താക്കൾക്കു വേണ്ടിയാണ്.

1. ശാന്തകുമാരി W/o ദണ്ഡപാണി- എരിമയൂർ ഗ്രാമപഞ്ചായത്ത്

2. ദേവി W/o സുകുമാരൻ- എരിമയൂർ ഗ്രാമപഞ്ചായത്ത്

3. രമേഷ് S/o കറുപ്പുസ്വാമി- പെരുവെമ്പ് ഗ്രാമപഞ്ചായത്ത്

മേൽപറഞ്ഞ തുക ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (5/11.07.2022)ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-16 എസ്.എസ്.എ.ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.എസ്.എ യ്ക്ക് വിഹിതം നൽകൽ എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 10/20, എസ്.എസ്.എ വിഹിതം നൽകൽ |
| അടങ്കൽ | ₹350000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹350000/- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ | 01/18.01.20 |

എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്കാണ് തുക നൽകിയിട്ടുള്ളത്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയതിൽ 'ഫണ്ട് വിനിയോഗിച്ചു' എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ അവസ്ഥകൾ വിശകലനം നടത്താതെയും ആവശ്യങ്ങൾ ശുപാർശ ചെയ്യാതെയുമാണ് തുക കൈമാറിയ ത്.

സ.ഉ(കൈ)നം.11/2018/തസ്വഭവ/29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകരം എസ്.എസ്.എ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഈ പദ്ധതികളുടെ രൂപീകരണത്തിൽ ഗ്രാമപഞ്ചായത്ത് യാതൊരു ഇടപെടലും നടത്തിയിട്ടില്ല. വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തുക, സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക, ക്ലാസ് മുറികൾ നിർമ്മിക്കുക തുടങ്ങിയ ആവശ്യങ്ങൾ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടെങ്കിലും അത്തരം പദ്ധതികളൊന്നും എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്.

2. വിനിയോഗ സാക്ഷ്യപത്രം തൃപ്തികരമല്ല

എസ്.എസ്.കെ യുടെ വിനിയോഗ സാക്ഷ്യപത്രപ്രകാരം എസ്.എസ്.എ വിഹിതമായി നൽകിയ ₹350000/- ടീച്ചേഴ്സ് ട്രെയിനിംഗ്, സെൽഫ് ഡിഫെൻസ് ട്രെയിനിംഗ്, സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകം തുടങ്ങിയ വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്ന് പരാമർശിക്കുന്നുണ്ടെങ്കിലും ഏതൊക്കെ സ്കൂളിൽ എത്ര രൂപ വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല.

3. പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല

എസ്.എസ്.എ വിഹിതമായി നൽകിയ തുക പഞ്ചായത്തിലെ സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്, തുടങ്ങിയവർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.
പദ്ധതി നടപ്പിലാക്കുമ്പോൾ മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ട തിലേക്കായി നിർവഹണ ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം.4/11.07.2022)

1-17 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമല്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 93 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 19 പ്രവൃത്തി കൾക്കുള്ള തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 5.15 കോടി രൂപയിൽ 88 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 17% ആണ് മരാമത്ത് പ്രവൃത്തികൾക്കായുള്ള ചെലവ്. 74 പ്രോജക്റ്റുകൾ സ്പിൽ ഓവറായി അടുത്ത വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്.

നെല്ലിയാമ്പതിയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം വികസന ഫണ്ട് ചെലവഴിക്കുന്നതിൽ പരിമിതി നിലനിൽക്കുന്നുണ്ട്. വനഭൂമിയും എസ്റ്റേറ്റുകളും കൂടുതലായുള്ള നെല്ലിയാമ്പതിയിൽ പൊതു റോഡുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് പരിമിതികൾ ഏറെയുണ്ട്. മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും തുക ചെലവഴിക്കുന്നതിനുള്ള പ്രായോഗിക പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പ്രവൃത്തികൾ ഏറ്റെടുത്ത പല കരാറുകാരും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നത് ഫണ്ട് വിനിയോഗത്തെ ബാധിക്കുന്നുണ്ട്. PWD മാന്വൽ പ്രകാരം പരമാവധി 50% വരെയുള്ള കാലയളവാണ് പൂർത്തീകരണത്തിനായി ദീർഘിപ്പിച്ചു നൽകാവുന്നത്.

37 ലക്ഷം രൂപയുടെ മൂല്യമുള്ള 10 ബില്ലുകൾ ക്യൂ വിൽ ആവുകയും തൻവർഷത്തെ അലോട്ട്മെന്റിൽ നിന്നും തുക മാറുവാൻ സാധിക്കാതെ വരികയും ബില്ലുകളെല്ലാം സ്പിൽ ഓവറാക്കേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തിട്ടുണ്ട്.

ബി. രേഖകളുടെ സൂക്ഷി പ്പ്

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നില്ല.

2. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

3. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

4. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്ത തിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തു വാനും സാധിച്ചിട്ടില്ല.

5. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്കിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

7. സാങ്കേതികാനുമതി രേഖയും സെലക്ഷൻ നോട്ടീസും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

8. പല പ്രവൃത്തികളുടേയും എഗ്രിമെന്റുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമല്ല.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. നിർമ്മാണ മേഖലയിൽ തുക ചെലവഴിക്കുന്നതിലുള്ള പ്രായോഗിക പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്തേണ്ടതാണ്.
3. വകയിരുത്തിയ ഫണ്ടിൽ നിന്നും പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
5. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാ ക്കേണ്ടതാണ്.
6. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
7. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ചു മാത്രം മെയന്റനൻസ് ഫണ്ട് ചെലവഴിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 6(1)/11-7-2022)

1-18 ഓറിയന്റൽ ബിയാട്രീസ് കുടിവെള്ള പദ്ധതി-പൂർത്തീകരണം ഉറപ്പാക്കിയില്ല-60109 രൂപയുടെ പഴ്ച്ചെലവ്

പ്രൊജക്റ്റ്, 40/17, 93/19-ഓറിയന്റൽ ബിയാട്രീസ് കുടിവെള്ള പദ്ധതി

അടങ്കൽ - 400000 (ജനറൽ)

എഗ്രിമെന്റ് നം. 60/31-3-2017
കരാറുകാരൻ - ശ്രീ.എൻ.നിജേഷ്
പി.എ.സി. 399638
ചെലവ് - 60109
ബിൽ നം. 3/29-4-2019
അളവു പുസ്തകം നം. 32/17-18

2016-17 വർഷത്തിൽ ആവിഷ്കരിച്ച് എഗ്രിമെന്റ് ചമച്ച പ്രവൃത്തിയിൽ വാട്ടർ ടാങ്ക് പ്ലാറ്റ് ഫോം, 5000 ലിറ്റർ വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവയാണ് ലക്ഷ്യമിട്ടിരുന്നത്. 6 മാസമാണ് കരാർ കാലാവധിയെങ്കിലും പൈപ്പ് ലൈൻ മാത്രം സ്ഥാപിച്ചതിനു ശേഷം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

നാലു ലക്ഷം രൂപ വകയിരുത്തിയ പ്രവൃത്തിക്കായി 250 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച വകയിൽ ആകെ 60109/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പ്രധാന ഇനങ്ങളായ പ്ലാറ്റ് ഫോം നിർമ്മാണം, വാട്ടർ ടാങ്ക് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിക്കാതെ പൈപ്പ് ലൈൻ മാത്രം സ്ഥാപിച്ചതിനാൽ 60109/- രൂപ പാഴ്ച്ചെലവായതായി വിലയിരുത്തുന്നു.

22-3-2018 നാണ് അവസാനമായി ചെക്ക് മെഷർ ചെയ്തിട്ടുള്ളത്.

പിഴ ഈടാക്കാതെയും സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കാതെയുമാണ് പൂർത്തീകരണം കാലാവധി ദീർഘിപ്പിച്ചിട്ടുള്ളത്. പി.എ.സിയുടെ 3% തുക 11989/- രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതായിരുന്നു.

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കാതിരുന്നതിനും പ്രവൃത്തി ഭാഗികമാക്കി ഉപേക്ഷിച്ചതിനും വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(2)/11-7-2022 ന് മറുപടി ലഭ്യമായില്ല.

ഈടാക്കുവാൻ വിട്ടുപോയ പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രധാന ഇനങ്ങളായ വാട്ടർ ടാങ്ക്, പ്ലാറ്റ് ഫോം എന്നിവ സ്ഥാപിക്കാതെ പൈപ്പ്ലൈൻ പ്രവൃത്തി മാത്രം പൂർത്തീകരിക്കുകയും കരാറുകാരൻ തുടർപ്രവൃത്തി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കാതെ നൽകിയ തുക തടസ്സത്തിൽ വെക്കുന്നു.

ഈ വിഷയത്തിൽ രേഖകൾ സഹിതം ഉചിതമായ വിശദീകരണം ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമായില്ല

2019-20 വർഷത്തിൽ തുക അനുവദിച്ച താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയൽ, എം.ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ബിൽ നം., തിയതി | തുക | പ്രോജക്റ്റ് |
|---|---|---|---|
| 1 | 8/1-8-19 | 361515 | 106/20-ഓറിയന്റൽ റോഡ് കോൺക്രീറ്റ് |
| 2 | 12/1-8-19 | 200000 | 112/20-കൊട്ടയങ്ങായി പാടി ഡ്രൈനേജ് |
| 3 | 13/1-8-19 | 487653 | 109/20-ഓറിയന്റൽ പുത്തൻതോട്ടം നടപ്പാത |
| 4 | 14/1-8-19 | 199980 | 114/20-ഏലം സ്റ്റോർ ഡ്രൈനേജ് |
| 5 | 18/1-8-19 | 457800 | 107/20-കൈകാട്ടി പാടി റോഡ് കോൺക്രീറ്റ് |
| 6 | 16/1-8-19 | 243475 | 105/20-കുനംപാലം ഗ്രൗണ്ടിനും സമീപം മണ്ണ് സംരക്ഷണം |
| 7 | 20/30-9-19 | 177974 | 100/20-കൊട്ടയങ്ങാടി സ്റ്റേജ് നിർമ്മാണം |
| | ആകെ | 2128397 | |

മേൽ ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 6(3)/11-7-2022 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 2128397 ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-20 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ കരാറുകാരനിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. പല പ്രവൃത്തികളുടെ ഫയലിലും അത്തരത്തിലുള്ള അപേക്ഷയും നിർവ്വഹണ ഉദ്യോഗസ്ഥനായി അസി. എഞ്ചിനിയറുടെ ശുപാർശയും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട പിഴയും ഈടാക്കാതെയാണ് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|

| | | രുന്ന തിയതി | | | | |
|---|---|---|---|---|---|---|
| 1 | 1130/18, 92/19- ചന്ദ്രാമല പുതുപ്പാടി കുടി വെള്ള പദ്ധതി<br>അടങ്കൽ - 800000 (SCP)<br>PAC - 799929<br>കരാറുകാരൻ - ശ്രീ.മുസ്തഫ.ടി.കെ<br>എഗ്രിമെന്റ് നം.: 19/26-02-2018<br>അളവു പുസ്തകം - 44/17-18, 29/18-19<br>ചെലവ് - 719251<br>ബിൽ നം.12/29-4-19 - 454073, 19/30-9-19 - 265178 | 25-8-2018 | 15-3-2019 | 0 | 23997<br>(3%) | 23997 |

ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(4)/11-7-2022 ന് മറുപടി ലഭ്യമാക്കിയില്ല. ഈടാക്കുവാൻ വിട്ടുപോയ പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 6.7.2022 മുതൽ 15.7.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1500000 | കുട്ടികളുടെ പാർക്ക് | 0 | 1500000 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

വാർഷിക കണക്കിൽ ഓഡിറ്റി റിക്കവറിയായി 1,49,949 രൂപയുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റ് റിക്കവറിയല്ലെന്നും തിരിച്ചടവ് തുക തെറ്റായി വരവ് വെച്ചതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2003-04 | 2.7 | 1999-00 ഖ. 25(b) I, Ii, Iii | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടു ണ്ടെങ്കിലും കേസ് നിലവിലുള്ള തിനാൽ അന്തിമതീർപ്പ് ആയിട്ടില്ല. |
| 2011-12 | 2-7 | 2008-09 ഖ. 3-7 – പഴം സംസ്കരണ കേന്ദ്രം നിഷ്ക്രിയം | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. |
| 2015-16 | 5.2.1(ബി) | കമ്പ്യൂട്ടർ വത്ക്കരണം- ജില്ലാതല അവലോകനം | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണി ച്ചിട്ടില്ല. |
| 2017-18 | അധ്യായം 6 പൊതു വിഷയം | ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ പ്രത്യേകതകളാൽ പരാധീനത നേരിടുന്ന ഗ്രാമപഞ്ചായത്ത് | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 7033866 |
| ഓഡിറ്റ് വർഷത്തെ വരവ് | 26534942 |
| ആകെ | 33568808 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 26559694 |
| നീക്കിയിരിപ്പ് | 7009114 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2652798 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 464292 | ശ്രീ.എം.സുരേഷ്, സെക്രട്ടറി |
| 1-18 | 60109 | ശ്രീ.ലിജു.കെ.എൽ, അസി.എഞ്ചിനിയർ |
| 1-19(1-6) | 1950423 | ശ്രീ.ലിജു.കെ.എൽ, അസി.എഞ്ചിനിയർ |
| 1-19(7) | 177974 | ശ്രീ.രമേഷ്.എം, അസി.എഞ്ചിനിയർ |
| ആകെ | 2652798 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 11989 | ശ്രീ.ലിജു.കെ.എൽ, അസി.എഞ്ചിനിയർ |
| 1-20 | 23997 | ശ്രീ.ലിജു.കെ.എൽ, അസി.എഞ്ചിനിയർ |
| ആകെ | 35986 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.സുരേഷ്, സെക്രട്ടറി, | സെക്രട്ടറി, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് | മയൂഖം, നിയർ സി.എ ഹൈസ്കൂൾ, പെരുവെമ്പ്, പാലക്കാട്-678531 |
| ശ്രീ.ലിജു.കെ.എൽ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, മതിലകം ഗ്രാമപഞ്ചായത്ത് | കുനമാവ് വീട്, പള്ളിക്കുന്ന്, വനന്തരപ്പിള്ളി(പി.ഒ), തൃശൂർ-680303 |
| ശ്രീ.രമേഷ്.എം, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, നെന്മാറ ബ്ലോക്ക് | ചിറ്റാടിക്കളം, കരിപ്പോട്, പാലക്കാട്-678503 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാ |
|---|---|---|

| വർഷം | പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി12-428/07 /5-9-2007 | 4 |
| 1997-98 | എൽ.എഫ്.പി10-1745/01 /2-8-2011 | 6 |
| 1998-99 | എൽ.എഫ്.പി12-430/07 /12-9-2007 | 11 |
| 1999-2000 | എൽ.എഫ്.പി12-1279/07 /4-5-2007 | 8 |
| 2000-2001 | എൽ.എഫ്.പി12-432/07 /12-9-2007 | 13 |
| 2001-2002 | എൽ.എഫ്.പി12-433/07 /22-10-2007 | 11 |
| 2002-2003 | എൽ.എഫ്.പി12-434/07 /12-10-2007 | 14 |
| 2003-2004 | എൽ.എഫ്.പി12-435/07 /12-10-2007 | 10 |
| 2004-2005 | എൽ.എഫ്.പി18-984/10 /10-1-2012 | 17 |
| 2005-2006 | എൽ.എഫ്.പി18-985/10 /10-1-2012 | 13 |
| 2006-2007 | എൽ.എഫ്.പി18-986/10 /10-1-2012 | 11 |
| 2007-2008 | എൽ.എഫ്.പി18-987/10 /10-1-2012 | 10 |
| 2008-2009 | എൽ.എഫ്.പി18-1620/13 /3-12-2013 | 12 |
| 2009-2010 & 2010-2011 | എൽ.എഫ്.പി18-1620/13 /3-12-2013 | 22 |
| 2011-2012 | എൽ.എഫ്.പി18-1248/13 /3-12-2013 | 17 |
| 2012-13 | എൽ.എഫ്.പി18-634/15 /8-7-2015 | 13 |
| 2013-14 &2014-15 | എൽ.എഫ്.പി18-1009/2016 /14-7-2016 | 16 |
| 2015-16 | കെ.എസ്.എ-പികെഡി18/121 /17/31-1-2017 | 8 |
| 2016-17 | കെ.എസ്.എ-പികെഡി18/1814/17./17.10.17 | 24 |
| 2017-18 | നം.കെ.എസ്.എ-പികെഡി.18-966/19/02.08.19 | 17 |
| 2018-19 | നം.കെ.എസ്.എ-പികെഡി.18-1330/ 20/5.07.22 | 19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വാർഷിക കണക്ക്-വിവിധ പത്രികകൾ

1. Nelliampathy Grama Panchayat- Receipt and Payment Statement

| | | | |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 7,033,866.00 |
| | Cash | RP-40(a) | 0.00 |
| Receipts | | | |
| Operating<br>110000000 | Tax Revenue | RP-1 | 938,520.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 0.00 |
| 140000000 | Fees & User Charges | RP-4 | 250,129.00 |
| 150000000 | Sale & Hire Charges | RP-5 | 75,400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 18,351,105.00 |
| 171000000 | Interest Earned | RP-9 | 133,220.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2,817,259.00 |
| 350000000 | Other Liabilities | RP-36 | 141,917.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 164,247.00 |
| 340000000 | Deposits Received | RP-34 | 367,560.00 |
| 350000000 | Other Liabilities | RP-36 | 237,380.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2,408,888.00 |
| 460000000 | Loans, Advances and Deposits | RP-47 | 649,317.00 |
| Grand Total 33,568,808.00 | | | |
| Payments | | | |
| Operating<br>210000000 | Establishment Expenses | RP-11 | 2,848,440.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 412,867.00 |
| 230000000 | Operations & Maintenance | RP-13 | 243,487.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 5,090,623.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 3,263,499.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 1,313,761.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 5,760.00 |
| 255000000 | Maintenance Projects | RP-20 | 2,598,901.00 |
| 280000000 | Prior Period Item | RP-26 | 42,572.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 433,834.00 |
| 350000000 | Other Liabilities | RP-36 | 3,863,244.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 4,629.00 |
| 340000000 | Deposits Received | RP-34 | 413,008.00 |
| 350000000 | Other Liabilities | RP-36 | 1,467,294.00 |
| 410000000 | Fixed Assets | RP-38 | 2,010,741.00 |
| 412000000 | Capital Work In Progress | RP-40 | 1,933,788.00 |
| 460000000 | Loans, Advances and Deposits | RP-47 | 613,246.00 |
| Closing Balance | | | |
| | Bank | RP-40(b) | 7,007,864.00 |
| | Cash | RP-40(b) | 1,250.00 |
| Grand Total | 33,568,808.00 | | |

2. Nelliampathy Grama Panchayat- Income and Expenditure Statement

| *Code* | *Head Of Account* |
|---|---|
| | Income |
| 110000000 | Tax Revenue |
| 130000000 | Rental Income from Panchayat Properties |
| 140000000 | Fees & User Charges |

| | |
|---|---|
| 150000000 | Sale & Hire Charges |
| 160000000 | Revenue Grants, Funds, Contributions & Compensations |
| 171000000 | Interest Earned |
| 180000000 | Other Income |
| A | Total-Income |
| | Expenditure |
| 210000000 | Establishment Expenses |
| 220000000 | Administrative Expenses |
| 230000000 | Operations & Maintenance |
| 240000000 | Interest & Finance Charges |
| 251000000 | Decentralised Plan Programme - Service Sector |
| 252000000 | Decentralised Plan Programme - Infrastructure Sector |
| 253000000 | Decentralised Plan Programme - Projects not included in Sector |
| | Division |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes |
| | (not included under Decentralised Plan Programme) |
| 255000000 | Maintenance Projects |
| B | Total-Expenditure |
| C = A-B | *Gross Surplus/Deficit of Income over Expenditure* |
| D= 280000000 | Prior Period Item |
| E = C-D<br>290000000 | *Gross Surplus/Deficit of Income over Expenditure after prior period items*<br>Transfer to Reserve Funds |
| | *Net Balance being surplus/deficit carried over to Balance sheet (Panchayat Fund)* |

3. Balance Sheet-Abstract

Nelliampathy Grama Panchayat

BALANCE SHEET

As on 31-March-2020

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| 310000000 | LIABILITIES<br>Reserve& Surplus<br>Panchayat Fund | B-1 | 8378957.20 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 45122737.00 |
| | *Total Reserve& Surplus* | | 53501694.20 |
| 320000000 | Grants,Contributions for specific purposes<br>Grants, Funds & Contributions for Specific Purposes | B-4 | 6344510.00 |
| | *Total Grants,Contributions for specific purposes* | | 6344510.00 |
| 340000000 | Current Liabilities and Provisions<br>Deposits Received | B-7 | 125989.00 |
| 350000000 | Other Liabilities | B-9 | 680006.80 |
| | *Total Current Liabilities and Provisions* | | 805995.80 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 60652200.00 |
| 410000000 | ASSETS | B-11 | |
| | Fixed Assets | | |
| | Fixed Assets | | 50193502.00 |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | *Total Fixed Assets* | | 50193502.00 |
| 420000000 | Investments | B-12 | 0.00 |
| | *Total Investments* | | 0.00 |
| 430000000 | Current Assets,Loans and Advances | B-14 | 0.00 |
| | Stock-in-hand | | |
| 431000000 | Sundry Debtors (Receivables) | B-15 | 3173288.00 |
| 450000000 | Cash and Bank balance | B-17 | 7009114.00 |
| 460000000 | Loans, Advances and Deposits | B-18 | 276296.00 |
| | *Total Current Assets,Loans and Advances* | | 10458698.00 |
| | TOTAL ASSETS | | 60652200.00 |

Digitally signed by SIROS Date: 2020.10.15 16:13:5

ഡെപ്യൂട്ടി ഡയറക്ടർ